നം:ICDS.A2-5956/16(1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 13.09.2017

സാമൂഹ്യനീതി ഡയറക്ടർ

പ്രോഗ്രാം ഓഫീസർ,
തിരുവനന്തപുരം

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിടനിർമ്മാണം- പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നത്- റിപ്പോർട്ടിംഗിലെ അപാകത സംബന്ധിച്ചുള്ള - വിശദീകരണം - സംബന്ധിച്ച്.

സൂചന :-
1. ഈ കാര്യാലയത്തിൽ നിന്നുള്ള 16.2.2017, 31.7.2017 എന്നീ തീയതികളിലെ ഇതേ നം. കത്തുകൾ
2. ഈ കാര്യാലയത്തിൽ നിന്നുള്ള 31.7.2017 ലെ ICDS A7 3612/17 നമ്പർ കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലയിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തിയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ ലഭ്യമാക്കിയ റിപ്പോർട്ടിൽ അപാകതകൾ കണ്ടെത്തിയതിനെതുടർന്ന് ആയത് അപാകത പരിഹരിച്ച് നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കുന്നതിന് സൂചനയിലെ കത്തുകൽ പ്രകാരം വിശദീകരണം സഹിതം റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ സമർപ്പിച്ച റിപ്പോർട്ടും CDPO മാരിൽ നിന്നും ഈ വിഷയം സംബന്ധിച്ച് നേരിട്ട് ശേഖരിച്ച റിപ്പോർട്ടും പരിശോധിച്ചതിൽ വളരെയധികം തെറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

S//

| റിപ്പോർട്ട് ലഭ്യമാക്കിയ പ്രോജക്ട് | പ്രോഗ്രാം ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം ഉള്ള കണക്ക് | CDPO നേരിട്ട് ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഉള്ള കണക്ക് |
|---|---|---|
| നെടുമങ്ങാട് അഡീ. | 4 | 2 |
| കിളിമാനൂർ അഡീ. | 8 | 0 |
| തിരുവനന്തപുരം അർബൻ-1 | 2 | 0 |
| തിരുവനന്തപുരം അർബൻ-3 | 5 | 3 |
| തിരുവനന്തപുരം അർബൻ-4 | 1 | 0 |
| നേമം അഡീ. | റിപ്പോർട്ട് ഇല്ല | 8 AWCS ( സെന്റർ നം. ഉൾപ്പെടെ) |
| പാറശ്ശാല | റിപ്പോർട്ട് ഇല്ല | 8 AWCS ( സെന്റർ നം. ഉൾപ്പെടെ) |

മുകളിൽ വിവരിച്ചിട്ടുള്ള പട്ടിക പ്രകാരം CDPO മാർ നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിച്ച റിപ്പോർട്ടും പ്രോഗ്രാം ഓഫീസർ CDPO മാരിൽ നിന്നും ശേഖരിച്ച് സമർപ്പിച്ച റിപ്പോർട്ടും തമ്മിൽ യുക്തിക്ക് നിരക്കാത്ത രീതിയിലുള്ള അന്തരം ഉള്ളതായി കാണുന്നു. അങ്കണവാടി കെട്ടിടനിർമ്മാണം സംബന്ധിച്ച് റിപ്പോർട്ടിംഗിൽ കൃത്യത വരുത്തുന്നതിനായുള്ള നിർദ്ദേശം പലതവണ ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടും ഇക്കാര്യത്തിൽ യാതൊരു ഗൗരവവും നൽകാതെ അലക്ഷ്യമായി റിപ്പോർട്ട് നൽകി താങ്കൾ മേലധികാരിയെ തെറ്റിദ്ധരിപ്പിച്ചതായി കാണുന്നു.

ഇത്തരത്തിൽ ശിശുവികസനപദ്ധതി ഓഫീസർമാർ നൽകുന്ന റിപ്പോർട്ടുകൾ മതിയായ രീതിയിൽ പരിശോധിക്കാതെയും വിഷയത്തിന്റെ ഗൗരവം കണക്കിലെടുക്കാതെയും അലക്ഷ്യമായ രീതിയിൽ മേലധികാരിയ്ക്ക് തെറ്റായ രീതിയിൽ റിപ്പോർട്ട് നൽകിയതിന് താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം ഈ കത്ത് കൈപ്പറ്റി രണ്ട് ദിവസത്തിനുള്ളിൽ നേരിട്ട് ബന്ധപ്പെട്ട ഫയൽ സഹിതം ഹാജരായി വിശദീകരണം നൽകേണ്ടതാണ്. സമയപരിധിക്കുള്ളിൽ വിശദീകരണം ലഭ്യമായിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർ(ക്വേഷ)

S//